പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 222

10/12/2012 ൽ
മറുപടിക്ക്

## ആലപ്പുഴയിലെ സിനിമാ തിയേറ്റർ കോംപ്ലക്സ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴയിലെ സിനിമാ തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണോത്ഘാടനം എന്ന് നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ; | (എ) | ആലപ്പുഴയിലെ സിനിമാ തിയേറ്റർ കോംപ്ലക്സിന്റെ ശിലാസ്ഥാപനം 2012 ജൂലൈ 8-ാം തീയതി നടന്നു. |
| (ബി) | ഈ കോംപ്ലക്സിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | (ബി) | ആദ്യഘട്ടമെന്ന നിലയിൽ 310 സീറ്റുകൾ വീതമുള്ള രണ്ടു തീയറ്ററുകളും ഇതിനനുബന്ധമായി ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഏറ്റവും ആധുനിക രീതിയിലുള്ള ഡിജിറ്റൽ പ്രോജക്ഷൻ, ശബ്ദസംവിധാനം, എയർ കണ്ടീഷനിംഗ്, കഫ്ത്തീരിയ, ശുചിത്വവും നിലവാരമുള്ളതുമായ ടോയ്ലറ്റുകൾ മികച്ച സുരക്ഷാ സംവിധാനങ്ങൾ എന്നിവയ്ക്കുള്ള തിയേറ്റർ സമുച്ചയമാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ് ; | (സി) | 5 കോടി രൂപയാണ്. |
| (ഡി) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ; ഇല്ലെങ്കിൽ തടസ്സം എന്താണ്; നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) | ഇല്ല. നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ തുക ലോൺ വ്യവസ്ഥയിൽ കെ.എഫ്.സി.യിൽ നിന്നും സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നല്കിയതിനാൽ നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതും നിർമ്മാണം ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ